

രവിമേനോൻ

**ചിത്രാസിങ് സംസാരിച്ചുകൊണ്ടേയിരിക്കുന്നു; മുൻപ് ഹൃദയങ്ങളോടായിരുന്നെങ്കിൽ ഇപ്പോൾ ആത്മാക്കളോടെന്ന വ്യത്യാസം മാത്രം. വർഷം പതിനെട്ടായി ചിത്ര പാട്ടുനിർത്തിയിട്ട്. ഭർത്താവിനെ ഗസൽവേദിയിൽ തനിച്ചാക്കി ഏകാന്ത ധ്യാനത്തിന്റെയും ആത്മീയതയുടെയും ലോകത്തേക്ക് ഉൾവലിയുകയായിരുന്നു ജഗ്ജിത്സിങ്ങിന്റെ പ്രിയപതി.**

# ‘അൺഫൊർഗെറ്റബിൾസ്’

നിറഞ്ഞ സദസ്സുകൾക്കു മുൻപിൽ ഹൃദയം തുറന്നു പാടിയ നാളുകൾ വിദൂരമായ ഓർമയാണ് ചിത്രയ്ക്ക്- മറക്കാൻ ശ്രമിക്കുന്തോറും മനസ്സിലേക്ക് പൂർവാധികം ശക്തിയോടെ ഇരമ്പിക്കയറിവരുന്ന ഒരു കാലം.

സാന്ത്വന ചികിത്സയാണിപ്പോൾ ചിത്രയുടെ മേഖല. ബവൻ തെറാപ്പി (Bowen Therapy) എന്നറിയപ്പെടുന്ന ഒരുതരം ആത്മീയ ശുശ്രൂഷ. കടുത്ത മാനസിക സമ്മർദത്തിൽനിന്നും ഒടുങ്ങാത്ത രോഗപീഡകളിൽനിന്നും മോചനം തേടിയെത്തുന്നവർക്കു മുന്നിൽ പഴയ ഗസൽരാജകുമാരി സ്പിരിച്വൽ ഹീലർ ആയി മാറുന്നു. ഒരു മൃദുസ്പർശനംകൊണ്ടു പോലും വിഹ്വലമായ മനസ്സുകളെ ശാന്തിയുടെ തീരത്തേക്ക് തിരിച്ചുകൊണ്ടുവരാനാകുമെന്ന് ചിത്രാസിങ് പറയുമ്പോൾ അവിശ്വസിക്കേണ്ട കാര്യമില്ല നമുക്ക്- സംഗീതത്തിലൂടെ കാൽനൂറ്റാണ്ടുകാലം അവർ ചെയ്തുകൊണ്ടിരുന്നതും അതുതന്നെയായിരുന്നല്ലോ?

എന്നെങ്കിലും ഗസൽവേദിയിൽ തിരിച്ചെത്തുമോ എന്നു ചോദിച്ച പത്രലേഖികയോട് മാസങ്ങൾക്കു മുൻപ് ചിത്ര പറഞ്ഞു: ‘‘ആഗ്രഹമുണ്ട് വെറുതെ ഒരു മൂളിപ്പാട്ടുപാടാൻ പോലും മനസ്സ് സമ്മതിക്കാത്ത കാലമുണ്ടായിരുന്നു- നീണ്ട 14 വർഷങ്ങൾ. പിന്നീടെപ്പോഴോ സംഗീതത്തെ ഞാൻ വീണ്ടും സ്നേഹിച്ചുതുടങ്ങി. പതിനെട്ടുവർഷം മുൻപ് ഞങ്ങളെ വിട്ടുപോയ മകൻ വിവേകായിരുന്നു ആ മനംമാറ്റത്തിനു പിന്നിലെന്നു പറഞ്ഞാൽ വിശ്വസിക്കുമോ? ഒരുനാൾ വിവേകിന്റെ ചിത്രത്തിൽ നോക്കിയിരിക്കെ ആ കണ്ണുകൾ എന്നോടു ചോദിക്കുന്നതുപോലെ തോന്നി-എന്തുകൊണ്ട് അച്ഛനോടൊപ്പം പാടുന്നില്ല എന്ന്. അവനുവേണ്ടിയെങ്കിലും വീണ്ടും പാടണമെന്നുണ്ട്. സ്റ്റേജിലല്ലെങ്കിൽ ഏതെങ്കിലും ആൽബത്തിനുവേണ്ടിയെങ്കിലും.

നിശ്ശബ്ദമായ ഒരു വിങ്ങലുണ്ടായിരുന്നു ചിത്രയുടെ വാക്കുകളിൽ. 1990 ജൂലായ് 28-നാണ് ജഗ്ജിത്തിന്റെയും ചിത്രയുടെയും ജീവിതത്തിൽ ഇരുൾ പരത്തി മകൻ വിവേക്സിങ് യാത്രയാകുന്നത്. മുംബൈ മറീൻ ഡ്രൈവിലെ ഒരു വാഹനാപടകത്തിലായിരുന്നു 19 കാരൻ വിവേകിന്റെ മരണം. ആ ആഘാതത്തിൽനിന്ന് പിന്നീടൊരിക്കലും ഉയിർത്തെഴുന്നേൽക്കാനായില്ല ചിത്രയ്ക്ക്. ഇനി സംഗീതത്തിലേക്കില്ല എന്ന തീരുമാനം അന്നെടുത്തതാണ്. ജഗ്ജിത്-ചിത്രമാരുടെ ഗസലുകൾ നെഞ്ചിലേറ്റി നടന്നവർക്ക് ഞെട്ടലുളവാക്കിയ തീരുമാനം. അതോടെ മൈക്രോഫോണിനു മുന്നിൽ ജഗ്ജിത് ഒറ്റയ്ക്കാകുന്നു-എല്ലാ അർഥത്തിലും.

ചിത്രയെ ജഗ്ജിത് ഒരിക്കലും കുറ്റപ്പെടുത്തിയില്ല. ഒപ്പം പാടാൻ നിർബന്ധിച്ചുമില്ല. ‘‘മറ്റാരെക്കാളും എനിക്ക് മനസ്സിലാകുമായിരുന്നു എന്റെ ഭാര്യയെ. അവൾ അനുഭവിക്കുന്ന വേദനയുടെ തീവ്രത എനിക്കറിയാം. അതുപോലൊരു സന്ദിഗ്ധഘട്ടം കടന്നുപോന്ന ആളല്ലേ ഞാനും? സംഗീതമായിരുന്നു എന്റെ ആദ്യത്തെയും അവസാനത്തെയും അഭയകേന്ദ്രം. എല്ലാ വേദനകളും മറക്കാൻ അതെന്നെ സഹായിച്ചു. ഇന്നും സഹായിച്ചുകൊണ്ടിരിക്കുന്നു’’.

നൊമ്പരമുണർത്തുന്ന ഓർമയായി വിവേക് ഇന്നും ജഗ്ജിത്തിന്റെ മനസ്സിലുണ്ട്. ‘‘മറക്കാനാവില്ല എനിക്കാ ദിനം. അന്നൊരു പഞ്ചാബി ചിത്രത്തിന്റെ റീ റെക്കോഡിങ് ഉണ്ടായിരുന്നു. അതു കഴിഞ്ഞ് അബ്ദുറഹ്മാൻ ബുഖാതിർ സംഘടിപ്പിച്ച ഒരു

ജഗ്ജീത് സിങ്,
ചിത്ര സിങ്



ഗസൽനിശ. എല്ലാം കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തുമ്പോൾ പുലർച്ചെ രണ്ടുമണി. വസ്ത്രം മാറുമ്പോഴാണ് ഫോൺ വന്നത്: ''ഒരു അപകടമുണ്ടായി നമ്മുടെ വിവേക് പോയി''.

റിസീവറുമായി അങ്ങനെ പകച്ചുനിന്നതേ ഓർമയുള്ളൂ ജഗ്ജിത്തിന്. ഫോൺവെച്ച ശേഷവും സ്വബോധം നഷ്ടപ്പെട്ട നിലയിലായിരുന്നു അദ്ദേഹം. ''പൈജാമ ധരിച്ചപ്പോൾ പുറം തിരിഞ്ഞുപോയതുപോലും മറ്റാരോ പറഞ്ഞാണ് ഞാനറിഞ്ഞത്. മനസ്സ് മറ്റെങ്ങോ ആയിരുന്നു''.

കൂടുതൽ വലിയ വേദന അനുഭവിച്ചത് പിറ്റേന്ന് ചില പത്രങ്ങൾ കണ്ടപ്പോഴാണ്. മദ്യലഹരിയിലാണ് വിവേക് കാറോടിച്ചിരുന്നതെന്നുവരെ എഴുതിപ്പിടിപ്പിച്ചവരുണ്ട്. വലിയ വീട്ടിലെ മുടിയനായ പുത്രന്റെ പരിവേഷമായിരുന്നു വിവേകിന്. താങ്ങാനാകുമായിരുന്നില്ല ആ ക്രൂരത.

ആറുമാസത്തോളം ഗസൽവേദികളിൽനിന്നും റെക്കോഡിങ്ങുകളിൽനിന്നും അകന്നുകഴിഞ്ഞു ജഗ്ജിത്. ഏകാന്തതയിലിരുന്ന് തംബുരു മീട്ടിക്കൊണ്ട് വേദനകളെല്ലാം സംഗീതത്തിൽ കഴുകിക്കളയാൻ ശ്രമിച്ച കാലം. നിദാഫാസ്‌ലിയുടെ പ്രശസ്തമായ ഒരു ഗസലാണ് അന്ന് തന്റെ മനസ്സിനെ ശാന്തമാക്കിയതെന്ന് ജഗ്ജിത് പറയുന്നു: ''അപ്നാ ഗം ലേക്കേ കഹി ഓർ ന ജായാ ജായേ, ഘർമേ ബിഖ്‌രി ഹുയീ ചീസോം കോ സജായാ ജായേ...'' (സ്വന്തം ദുഃഖത്തെ മറ്റെങ്ങും കൊണ്ടുപോകാതിരിക്കാം; പകരം വീട്ടിലെ ചിതറിക്കിടക്കുന്ന വസ്തുക്കൾ ഭംഗിയായി അടുക്കിവെക്കാം).

ചിത്ര തിരഞ്ഞെടുത്തത് ആത്മീയതയുടെ വഴിയാണ്. മനഃശാന്തി വീണ്ടെടുക്കാൻ സന്ന്യാസിമാരെയും മതാചാര്യന്മാരെയും അഭയംപ്രാപിച്ചു അവർ. ധാരാളം ആത്മീയഗ്രന്ഥങ്ങൾ വായിച്ചു. ഇംഗ്ലണ്ടിൽ ചെന്ന് പരേതരുടെ ആത്മാക്കളുമായി 'ആശയവിനിമയം' നടത്താൻ പരിശീലനം നേടി. മരണാനന്തര ജീവിതത്തെ കുറിച്ച് ആഴത്തിൽ പഠിച്ചു. എല്ലാം കഴിഞ്ഞ് ഇപ്പോൾ ബവൻ തെറാപ്പിയുടെ ലോകത്തെത്തി നിൽക്കുന്നു അവർ.

## വഴിത്തിരിവായ കൂടിക്കാഴ്ച

മുംബൈയിൽവെച്ചാണ് ചിത്ര ആദ്യമായി ജഗ്ജിത്തിനെ കാണുന്നത്, 1967-ൽ. അയൽപക്കത്തെ ഗുജറാത്തിഗൃഹത്തിൽ ഒരു സായാഹ്ന സംഗീതപരിപാടിക്കെത്തിയതായിരുന്നു, അന്ന് അറിയപ്പെട്ടുതുടങ്ങിയിട്ടില്ലാത്ത ജഗ്ജിത്. രണ്ടാമത്തെ കൂടിക്കാഴ്ചയായിരുന്നു രസകരം. ഇരുവരുടെയും ജീവിതത്തിന്റെ ഗതി തിരിച്ചുവിട്ടതും ആ കണ്ടുമുട്ടൽതന്നെ.

കൊൽക്കത്തയിൽനിന്ന് മുംബൈയിൽ കുടിയേറിയ ദേബപ്രസാദ് ദത്തയുടെ ഭാര്യയാണ് അന്ന് ചിത്ര. സ്വന്തം വീട്ടിൽ ഒരു സ്റ്റുഡിയോ നടത്തിയിരുന്നു ദത്ത. പരസ്യജിംഗിളുകളാണ് അവിടെ റെക്കോഡ് ചെയ്യുക. ഏറെയും സ്വന്തം ഭാര്യയുടെ ശബ്ദത്തിൽതന്നെ. 'ജിംഗിൾ ക്വീൻ' എന്നൊരു ഓമനപ്പേരുതന്നെയുണ്ടായിരുന്നു അക്കാലത്ത് ചിത്രയ്ക്ക്.

കോളിങ് ബെല്ലിന്റെ ശബ്ദംകേട്ട് ഒരുദിവസം കാലത്ത് ചിത്ര വാതിൽ തുറന്നുനോക്കിയപ്പോൾ മുന്നിൽ വെള്ള ഷർട്ടും വെള്ള പാന്റ്സും ധരിച്ച ഒരു ചെറുപ്പക്കാരൻ. ഉറക്കംതൂങ്ങിക്കൊണ്ട് വാതിൽ ചാരി നിൽക്കുകയാണയാൾ. ഇതാ ഇപ്പോൾ നിലത്തുവീഴുമെന്ന മട്ടിൽ.

വാതിൽ തുറന്നതും യുവാവ് അകത്തു കടന്നതും തറയിൽ വീണ് ഉറക്കം തുടങ്ങിയതും ഒരുമിച്ച്.

എവിടെവെച്ചാണ് ഈ മനുഷ്യനെ മുൻപ് കണ്ടിട്ടുള്ളതെന്നോർക്കുകയായിരുന്നു ചിത്രാദത്ത. കുറച്ചാലോചിച്ചപ്പോൾ പിടികിട്ടി. തൊട്ടടുത്ത വീട്ടിൽ ഒരു മെഹ്ഫിലിൽ പാടാൻ വന്ന വിദ്വാനാണ്. ഇറുകിപ്പിടിച്ച ആ പാന്റ്സും ഷർട്ടും കണ്ടപ്പോൾ ചിരിപൊട്ടിപ്പോയത് ഓർമയുണ്ട്.



മുഹമ്മദ് റഫി

ചിത്രയോടൊപ്പം പരസ്യജിംഗിൾ പാടാൻ ദത്തയുടെ സ്റ്റുഡിയോയിൽ എത്തിയതായിരുന്നു ജഗ്ജിത്. സംഗീതസംവിധായകൻ എൽ. വൈദ്യനാഥൻ. നീണ്ട ഉറക്കം കഴിഞ്ഞ് എണീറ്റയുടൻ എവിടെ ഹാർമോണിയം എന്നായി ജഗ്ജിത്. ഹാർമോണിയത്തിന്റെ കട്ടകളിലൂടെ വിരലോടിച്ച് ജഗ്ജിത് പാടുന്നതു കേട്ടിരിക്കേ, ചിത്ര, വൈദ്യനാഥന്റെ കാതിൽ മന്ത്രിച്ചു: ''ഇല്ല, ശരിയാവില്ല. ഇയാൾക്കൊപ്പം പാടാൻ എന്നെ നോക്കണ്ട. എന്റേത് ഉയർന്ന പിച്ചിലുള്ള ശബ്ദമാണ്. അയാളുടെത് ബേസ് വോയ്സും. ഒട്ടും ചേരില്ല.''

വൈദ്യനാഥന് സംശയമൊന്നും ഉണ്ടായിരുന്നില്ല. ''നിങ്ങളുടെ രണ്ടുപേരുടെയും ശബ്ദങ്ങളുടെ സ്റ്റൈയിലിന് ഇണങ്ങുന്ന ജിംഗിളാണ് ഞാൻ കമ്പോസ് ചെയ്തിരിക്കുന്നത്. പാടിനോക്കൂ. ശരിയാകും.''

മനസ്സില്ലാ മനസ്സോടെ ഒടുവിൽ ജഗ്ജിത്തിനൊപ്പം പാടാൻ ചിത്ര സമ്മതിക്കുന്നു. ''എന്തോ എനിക്ക് ജഗ്ജിത്തിന്റെ ശബ്ദത്തോട് വെറുപ്പാണ് തോന്നിയത്. വൃത്തികെട്ട ശബ്ദം.''


പിന്നെയെപ്പോഴോ ആ 'വൃത്തികെട്ട' ശബ്ദത്തിന്റെ മാസ്മരവലയത്തിൽ വീണുപോകുന്നു, ചിത്രാദത്ത. നിശ്ശബ്ദമെങ്കിലും വാചാലമായ ഒരു പ്രണയത്തിന്റെ തുടക്കം. സംഗീതസാന്ദ്രമായിരുന്നു ആ യാത്ര. ഗസലിന്റെ ആധുനിക ചരിത്രവുമായിത്തന്നെ ഇഴചേർന്നുകിടക്കുന്ന ഒന്ന്. ഒരുമിച്ചും അല്ലാതെയും ജഗ്ജിത് സിങ്ങും ചിത്രാസിങ്ങും നമുക്ക് സമ്മാനിച്ച ഭാവഗീതങ്ങൾ എത്രയെത്ര! ആദ്മി ആദ്മി കോ ക്യാ ദേഗാ, യേ ദൗലത് ഭി ലേലോ, അപ്നേ ഹോട്ടോം പർ സജാനാ ചാഹ്താഹും, ഗരജ് ബരസ് പ്യാസി ധർതി, രാത് ഭീ നീന്ദ് ഭീ കഹാനി ഭീ, കിസി രഞ്ജിഷ് കോ ഹവാ ദേ, ആംഖ് സേ ആംഖ് മിലാ, ഹോഠോം സേ ഛൂലോ തും, ജൂകീ ജൂകീ സി നസർ, വോ കാഗസ് കി കഷ്തി, തും കോ ദേഖാ ഹേ, യേ നഥി ഹമാരി കിസ്മത്...

> **''മറ്റാരെക്കാളും എനിക്ക് മനസ്സിലാകുമായിരുന്നു എന്റെ ഭാര്യയെ. അവൾ അനുഭവിക്കുന്ന വേദനയുടെ തീവ്രത എനിക്കറിയാം. അതുപോലൊരു സന്ദിഗ്ധഘട്ടം കടന്നുപോന്ന ആളല്ലേ ഞാനും? ''**

## റഫിയുടെ ആരാധകൻ

സിനിമാപ്പാട്ടുകാരനാകാൻ മോഹിച്ച് ഒടുവിൽ ഗസലിന്റെ ബാദുഷയായി മാറിയ കഥയാണ് ജഗജിത് സിങ്ങിന്റേത്. പഴയ രജപുത്താനയിലെ ശ്രീഗംഗാനഗർ എന്ന കൊച്ചു ഗ്രാമത്തിൽ ചെലവഴിച്ച ബാല്യമാണ് തന്നിലെ സംഗീതപ്രേമം തേച്ചുമിനുക്കിയെടുത്തതെന്ന് ജഗ്ജിത് പറയും. ജഗ്മോഹൻസിങ്-അതായിരുന്നു ജഗ്ജിത്തിന്റെ യഥാർഥ പേര്. ജന്മഗ്രാമത്തിലെ നാംധാരി സിക്ക് ഗുരുജിയാണ് ജഗ്മോഹന് ജഗ്ജിത് എന്ന പേരു നൽകിയത്. കുട്ടിക്കാലത്ത് മുഹമ്മദ് റഫിയുടെ ആരാധകനായിരുന്നു ജഗ്ജിത്.

ആദ്യമായി പൊതുവേദിയിൽ പാടുന്നത് ഒൻപതിൽ പഠിക്കുമ്പോഴാണ്. ഒരു പഞ്ചാബി വാരികയിൽ വായിച്ച കവിത ഭൈരവി രാഗത്തിൽ ചിട്ടപ്പെടുത്തി ഗ്രാമത്തിലെ കവിസദസ്സിൽ അവതരിപ്പിക്കുകയായിരുന്നു ജഗ്ജിത്. പാട്ട് പാടിത്തീർന്നപ്പോൾ സ്റ്റേജിൽ നാണയത്തുട്ടുകൾ വന്നുവീണു. ഇനിയും പാടണമെന്നായിരുന്നു സദസ്സിന്റെ ആവശ്യം. റഫി സാഹിബിന്റെ 'ഓ ദുനിയാ കേ രഖ്‌വാലേ' എന്ന ഗാനം പാടിത്തീർന്നപ്പോൾ ലഭിച്ച കാതടപ്പിക്കുന്ന കയ്യടി ഇന്നുമുണ്ട് ജഗ്ജിത്തിന്റെ ഓർമയിൽ. ▶



ജഗ്ജീത്, ചിത്ര,
മകൻ വിവേക്

മൂന്നുവർഷത്തിനുശേഷം ശ്രീഗംഗാനഗർ കോളേജിൽവെച്ച് സ്റ്റേജ് പരിപാടിക്കിടെ പ്യാസയിലെ ആ പ്രശസ്തമായ റഫി ഹിറ്റ്–യേ ദുനിയാ അഗർ മിൽ ഭി ജായേ–പാടിക്കൊണ്ടിരിക്കുമ്പോൾ അപ്രതീക്ഷിതമായി വൈദ്യുതി നിലച്ചത് മറ്റൊരു മറക്കാനാവാത്ത അനുഭവം. ഹാൾ ഇരുട്ടിൽ മുങ്ങിയെങ്കിലും ബാറ്ററിയിൽ പ്രവർത്തിച്ചിരുന്ന മൈക്ക് ഓഫായില്ല. കൂരിരുട്ടിലൂടെ ഒഴുകിവന്ന ജഗ്ജിത്തിന്റെ അഗാധ ഗാംഭീര്യമാർന്ന ശബ്ദം ഗൃഹാതുരമായ ഓർമയാണ് ഗംഗാനഗറിലെ മുതിർന്ന പൗരന്മാർക്ക്.

റഫിയിൽനിന്ന് തലത്ത് മെഹ്മൂദിലേക്കും മദൻ മോഹനിലേക്കും ജഗ്ജിത് യാത്രയാകുന്നു. തലത്തിനെപ്പോലെ പ്രണയം വഴിഞ്ഞൊഴുകുന്ന ഗാനങ്ങൾ പാടുന്ന ഒരു സിനിമാപ്പാട്ടുകാരനാകാൻ ജഗ്ജിത് മോഹിച്ചു. പക്ഷേ, മകൻ ഐ.എ.എസ്സുകാരനായി കാണാൻ ആഗ്രഹിച്ച പിതാവിന് അതെങ്ങനെ ദഹിക്കാൻ? സിനിമ മതവിരുദ്ധമാണെന്ന വിശ്വാസക്കാരനായിരുന്നു അമർസിങ്.

പക്ഷേ, ജഗ്ജിത്തിന്റെ മനസ്സ് ബോളിവുഡിൽ തന്നെയായിരുന്നു. സ്വാഭാവികമായും പഠനത്തിൽ ശ്രദ്ധ കുറഞ്ഞു. ഡി.എ.വി. കോളേജിൽ വിദ്യാർഥിയായിരിക്കെ 1965 മാർച്ചിൽ ജഗ്ജിത് മുംബൈയിലേക്ക് വെച്ചുപിടിക്കുന്നു. ഐതിഹാസികമായ ഒരു യാത്രയുടെ തുടക്കം.

വി.ടി. സ്റ്റേഷനടുത്തുള്ള ഒരു വാടകവീട്ടിലായിരുന്നു ആദ്യം താമസം. ജലന്ധറിൽനിന്ന് സുഹൃത്ത് ഹർദമാൻസിങ് മാസാമാസം എത്തിച്ചുകൊടുത്ത 150 രൂപകൊണ്ടുവേണം ജീവിതം കഴിയാൻ. അതും നിലച്ചതോടെ പ്രശ്നം രൂക്ഷമായി. വാടകവീട്ടിൽനിന്ന് ഇറക്കിവിടുന്നത് അങ്ങനെയാണ്. അഗ്രിപഡയിലെ ഷേർ–എ–പഞ്ചാബ് ഹോസ്റ്റലായി അടുത്ത ആശ്രയം. തുച്ഛമായ വാടകയെയുള്ളൂ അവിടെ.

''കിടക്ക മുഴുവൻ മൂട്ട. കൊതുകിന്റെ ശല്യം വേറെ. ഒരു ദിവസം കാലത്ത് എഴുന്നേറ്റത് പെരുവിരലിൽ കുത്തിത്തുളയ്ക്കുന്ന വേദനയുമായാണ്. നോക്കുമ്പോൾ വിരലിന്റെ തൊലി അപ്പടി അപ്രത്യക്ഷമായിരിക്കുന്നു. തലേന്നു രാത്രി ഏതോ വിരുതൻ എലി ഒപ്പിച്ച വേലയാണ്.''

താമസിച്ചിരുന്ന ഹോസ്റ്റലിനു തൊട്ടടുത്താണ് പ്രശസ്തമായ ഗേലോഡ്സ് റസ്റ്റോറൻറ്. ഹോട്ടലിനു മുന്നിൽ സായാഹ്നങ്ങളിൽ വെളുത്ത സ്യൂട്ട് ധരിച്ച് ഒരു സുമുഖൻ നിൽക്കുന്നതു കാണാം – സംഗീത സംവിധായകൻ ജയ്കിഷൻ. ശ്രദ്ധയാകർഷിക്കാൻവേണ്ടി അദ്ദേഹത്തിന്റെ മുന്നിലൂടെ നടന്നുനോക്കിയിട്ടുണ്ട് ജഗ്ജിത്. ആരു ശ്രദ്ധിക്കാൻ!

മുംബൈയിൽവെച്ച് ഒരു സുഹൃത്ത് വഴി പരിചയപ്പെട്ട എച്ച്.എം.വി.യിലെ ജിമ്മി നരൂലയാണ് ജഗ്ജിത്തിലെ ഗായകന്റെ കഴിവുകൾ ആദ്യമായി തിരിച്ചറിയുന്നത്. ഈ സൗഹൃദത്തിന്റെ പിൻബലത്തിൽ ജഗ്ജിത് എച്ച്.എം.വി.യിൽ ഒരു ശബ്ദപരിശോധനയ്ക്ക് ഹാജരാകുന്നു. ഓഡിഷൻ ടെസ്റ്റ് ജയിച്ച ജഗ്ജിത്തിന് ഒരു ഇ.പി. (Extended Play) റെക്കോഡിൽ പാടാൻ അവസരം നൽകുന്നതും ജിമ്മിതന്നെ. റെക്കോഡിന്റെ ഒരുവശത്ത് ജഗ്ജിതിന്റെ രണ്ടു ഗസൽ. മറുവശത്ത് സുരേഷ് രാജവംശിയുടെ ഒരു ഗസലും. സി.കെ. ചൗഹാന്റേതായിരുന്നു സംഗീതം.

## താടിയോട് വിട

പാട്ടുകൾ ആലേഖനം ചെയ്തുകഴിഞ്ഞപ്പോൾ ഒരു പ്രശ്നം. റെക്കോഡ് ജാക്കറ്റിന്റെ പുറംചട്ടയിൽ ഗായകന്റെ പടം വേണം. തലപ്പാവും താടിയുമായി അസ്സൽ സർദാർജി ലുക്കാണ് അന്ന് ജഗ്ജിത്തിന്. ഗായകനായി ബോളിവുഡിൽ അംഗീകാരം നേടാൻ ഈ പ്രതിച്ഛായ ഒട്ടും സഹായകമാവില്ലെന്ന് ജഗ്ജിത്തിന് തോന്നി. അങ്ങനെയാണ് ആ കടുത്ത തീരുമാനം കൈക്കൊള്ളുന്നത്. ശുദ്ധ സിക്ക് മതവിശ്വാസിയായ പിതാവിനോട് മനസ്സിൽ മാപ്പുപറഞ്ഞ് ചർച്ച്ഗേറ്റിലെ റിറ്റ്സ് ഹോട്ടലിനടുത്തുള്ള സലൂണിലേക്ക് നടക്കുന്നു ജഗ്ജിത്.

റെക്കോഡ് പുറത്തിറങ്ങിയെങ്കിലും സിനിമയിൽ പാടാൻ ക്ഷണമൊന്നും ലഭിച്ചില്ല. പക്ഷേ, ഒരു ഗുണമുണ്ടായി. ഗായകനെന്ന നിലയിൽ കുടുംബസദസ്സുകളിലും കല്യാണപ്പാർട്ടികളിലും ശ്രദ്ധിക്കപ്പെട്ടു തുടങ്ങി. രാജ്കപൂർ, രാജേന്ദ്രകുമാർ, മദൻമോഹൻ തുടങ്ങിയവരുടെയൊക്കെ വീടുകളിലെ വാരാന്ത്യ സദസ്സുകളിൽ സ്ഥിരം സാന്നിധ്യമായിരുന്നു ജഗ്ജിത്. ''പാർട്ടിയിൽ പങ്കെടുക്കാനെത്തുന്ന സിനിമാക്കാർ എന്റെ പാട്ടുകൾ കേട്ട് അഭിനന്ദിക്കാറുണ്ടായിരുന്നു. അടുത്ത സിനിമയിൽ അവസരം വാഗ്ദാനംചെയ്തവരും ഏറെ. പക്ഷേ, എല്ലാം പാഴ്വാക്കുകളായിരുന്നു.'' ജഗ്ജിത് ഓർക്കുന്നു.

ദേബപ്രസാദ് ദത്തയുടെ സ്റ്റുഡിയോയിൽ ജിംഗിൾ പാടാൻ ചെല്ലുന്നതും ചിത്രയുടെ 'ശത്രുത' ഏറ്റുവാങ്ങുന്നതും ആ നാളുകളിൽതന്നെ. ജഗ്ജിത്തിനും ചിത്രയ്ക്കും തിരക്കേറി. ഒരുമിച്ചുള്ള യാത്രകൾ; റെക്കോഡിങ് സെഷനുകൾ. താൻപോലുമറിയാതെ ജഗ്ജിത്തുമായി അടുക്കുകയായിരുന്നു ചിത്ര.

അടുപ്പം ദൃഢമാകാൻ മറ്റൊരു കാരണംകൂടിയുണ്ട്. ഭർത്താവ് ദത്തയുമായി അതിനകം അകന്നുതുടങ്ങിയിരുന്നു ചിത്ര. പതിന്നാലാംവയസ്സിൽ 'എട്ടും പൊട്ടും തിരിയാത്ത' പ്രായത്തിൽ ദത്തയുടെ ഭാര്യയായി മുംബൈയിലേക്ക് പോന്ന ചിത്രയ്ക്ക് ഭർത്താവിന്റെ ജീവിതശൈലിയും സ്വഭാവവിശേഷങ്ങളുമായി പൊരുത്തപ്പെടാനായില്ല. മിക്കപ്പോഴും ഏകാന്തതയുടെ തുരുത്തിലായിരുന്നു ചിത്ര; ഒരു മകൾ ജനിച്ചുകഴിഞ്ഞിട്ടുപോലും ജഗ്ജിത് കടന്നുവന്നത് ഈ ഏകാന്തതയിലേക്കാണ്.

ദത്തയുടെ പൂർണ പിന്തുണയോടെയായിരുന്നു ജഗ്ജിത്തിന്റെയും ചിത്രയുടെയും വിവാഹം എന്നത് മറ്റൊരു കൗതുകം. വിവാഹത്തിനു മുൻപ് ദത്തയുടെ അനുമതി തേടി ജഗ്ജിത് വീട്ടിൽ വന്ന കഥ ഓർത്തോർത്തു ചിരിച്ചിട്ടുണ്ടെന്ന് ചിത്ര പറയുന്നു.

തികച്ചും ലളിതമായിരുന്നു വിവാഹം. ആകെ ചെലവുവന്നത് 30 രൂപ മാത്രം. ''ഞങ്ങളുടെ തബലിസ്റ്റുകളിൽ ഒരാൾ കൊളാബയിലെ ഒരു ക്ഷേത്രപരിസരത്താണ് താമസിച്ചിരുന്നത്. അയാളാണ് വിവാഹത്തിന് കാർമികത്വം വഹിക്കാൻ പൂജാരിയെ ഏർപ്പാടാക്കിയത്. മുഹൂർത്തമായപ്പോൾ സുഹൃത്ത് ഭൂവി (ഗായകൻ ഭൂപീന്ദർസിങ്) വിവാഹമാല്യവും ഒരു പെട്ടി മധുരപലഹാരങ്ങളുമായി വന്നു. നാടകീയതയില്ല; റിഹേഴ്സലില്ല; കൊട്ടും കുരവയുമില്ല. രണ്ടേര

ണ്ടു മിനിറ്റിൽ എല്ലാം കഴിഞ്ഞു.''

1971-ലാണ് വിവേകിന്റെ ജനനം. ജഗ്ജിത്-ചിത്രമാരുടെ ഭാഗ്യത്തിന്റെ ഗ്രാഫ് ഉയരുന്നതും അതോടെതന്നെ. ''അവൻ ജനിക്കുന്നകാലത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു ഞങ്ങൾ. പ്രസവിച്ച് ഇരുപതാംനാൾ എനിക്ക് ജിംഗിൾ റെക്കോഡ് ചെയ്യാൻ സ്റ്റുഡിയോയിൽ പോകേണ്ടിവന്നു.'' ബാബു (വിവേകിന്റെ വിളിപ്പേര്)വിനെ ചുമലിൽ ഉറക്കിക്കിടത്തി മൈക്കിനു മുന്നിൽ നിന്നു പാടിയത് ചിത്രയുടെ ഓർമകളിലുണ്ട്.

പ്രശസ്തിയുടെ കൊടുമുടിയിലേക്കുള്ള ജഗ്ജിത്തിന്റെ യാത്ര തുടങ്ങുന്നത് 1976-ലാണ്. 'ദ അൺ ഫൊർഗെറ്റബിൾസ്' എന്ന ഗസൽ ആൽബത്തിലൂടെ. 'ബാത് നികലേഗി തോ ഫിർ ദൂർ തലക് ജായേഗി', 'രാത് ഭി നീന്ദ് ഭി കഹാനി ഭി', 'കിസി രഞ്ജിഷ് കോ' തുടങ്ങി അൺഫൊർഗറ്റബിൾസിലെ ഗാനങ്ങൾ ഒന്നൊഴിയാതെ ഹിറ്റായിരുന്നു. ജനപ്രീതിയിൽ സിനിമാഗാനങ്ങളെപ്പോലും അതിശയിച്ചു അവ. ഇന്ത്യയിൽ ഒരു ഗസൽവിപ്ലവത്തിന് നാന്ദികുറിച്ച ആൽബംകൂടിയായിരുന്നു 'അൺഫൊർഗെറ്റബിൾസ്' പിന്നീടങ്ങോട്ട് ചിത്രയോടൊത്തും അല്ലാതെയും ജഗ്ജിത് പുറത്തിറക്കിയ ആൽബങ്ങൾ ഓരോന്നും വില്പനയിൽ ചരിത്രം സൃഷ്ടിച്ചു. മൈൽ സ്റ്റോൺ, എക്സ്റ്റസീസ്, എ സൗണ്ട് അഫയർ, ബിയോണ്ട് ടൈം, സംവൺ സംവേർ, ഹോപ്, ഫേസ് ടു ഫേസ്, മാരാസിം, ഡിഫറന്റ് സ്ട്രോക്സ്, ഫൊർഗറ്റ് മി നോട്ട്... 'ഗുരു മന്ത്യോ ഗ്രന്ഥ്' ആണ് ഈ നിരയിലെ ഏറ്റവും പുതിയ ആൽബം.

## ബാത് നിക്‌ലേഗിയുടെ കഥ

'ബാത് നിക്‌ലേഗി' ആദ്യമായി കേട്ടത് ഓർമയുണ്ട്. ഒരു പഠനയാത്രയുടെ ഭാഗമായി ഡൽഹിയിൽ ചെന്നപ്പോഴായിരുന്നു അത്. ഓൾഡ് ഡൽഹിയിലെ ഏറെ പഴക്കമുള്ള ഒരു റെസ്റ്റോറന്റിലെ ജൂക് ബോക്സിൽനിന്ന് ആ നസ്മ് (Nazm-പ്രാസത്തിലുള്ള ഉർദു കവിത) ആദ്യമായി കാതിൽ വന്നു വീണപ്പോഴത്തെ അനുഭൂതി കാൽനൂറ്റാണ്ടിനു ശേഷം ഇന്നും അത് കേൾക്കുമ്പോൾ അനുഭവപ്പെടാറുണ്ട്. കഫീൽ ആസറിന്റെ കവിത തുളുമ്പുന്ന വരികളാണോ അതോ ജഗ്ജിത്തിന്റെ ഘനഗംഭീരമായ ശബ്ദമാണോ ആ ഗാനവുമായി എന്നെ അടുപ്പിച്ചത്? ഒരുപക്ഷേ രണ്ടും ചേർന്നാകാം. തന്റെ മെഹഫിലുകളിൽ നിത്യഹരിതമായ ഈ ഗാനം പതിവായി ഉൾപ്പെടുത്താൻ ഇന്നും ശ്രദ്ധിക്കുന്നു ജഗ്ജിത്.

'ബാത് നികലേഗി'ക്കു പിന്നിൽ കൗതുകമുള്ള ഒരു ചരിത്രമുണ്ടെന്നറിഞ്ഞത് പിന്നെയും വർഷങ്ങൾ കഴിഞ്ഞാണ്. എച്ച്.എം.വി. അധികൃതരുടെ നിർദേശപ്രകാരം ഭൂപീന്ദർ സിങ്ങിന് പാടാൻവേണ്ടി ജഗ്ജിത് ചിട്ടപ്പെടുത്തിയ ഗാനമാണത്. അന്ന് സിനിമാപ്പാട്ടുകാരനെന്ന നിലയിൽ പ്രശസ്തനായിരുന്നു ഭൂപീന്ദർ. ജഗ്ജിത്താകട്ടെ സ്വപ്നങ്ങളുടെ ലോകത്തും. പാട്ട് ഭൂപീന്ദർ പാടിക്കേട്ടപ്പോൾ പൂർണ തൃപ്തി തോന്നിയില്ല ജഗ്ജിത്തിന്. ഒരു ടേക്ക്കൂടി ആകാമെന്ന് ജഗ്ജിത് പറഞ്ഞപ്പോൾ ഭൂപീന്ദർ ഇടഞ്ഞു. പാടാൻ വിസമ്മതിച്ച് ഇറങ്ങിപ്പോയ ഭൂപീന്ദർ എച്ച്.എം.വി. അധികൃതരെ വിളിച്ച് തന്റെ നിലപാട് വ്യക്തമാക്കുന്നു. ''ഈ പ്രൊജെക്റ്റിൽ ഇനി ഞാനില്ല. എന്റെ പാട്ട് ജഗ്ജിത്തിന് ഇഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു.''

ജഗ്ജിത്തിനുണ്ടായ നിരാശ പറഞ്ഞറിയിക്കാനാവില്ല. അത്രയും ഇഷ്ടപ്പെട്ട് ചെയ്ത പാട്ടാണ്. കുറച്ചുകാലം കഴിഞ്ഞ് 'സാഷ' എന്ന പടത്തിന്റെ തിരക്കഥാകൃത്ത് അർജുൻ ദേവ് ജഗ്ജിത്തിനെ സമീപിക്കുന്നു. ബാത്നിക്‌ലേഗി സിനിമയിൽ ഉപയോഗിക്കാൻ അനുമതി നൽകണം-അതാണാവശ്യം. പാട്ട് ജഗ്ജിത് തന്നെ പാടണമെന്നും നിർബന്ധമുണ്ടായിരുന്നു അർജുൻദേവിന്. പാട്ട് ജഗ്ജിത് പാടി റെക്കോഡ് ചെയ്തുവെങ്കിലും വീണ്ടും വിധി ഇടപെടുന്നു. പടം ഇടയ്ക്കുവെച്ച് മുടങ്ങി. പാട്ടിന് ഇത്തവണയും മോക്ഷം ലഭിച്ചില്ല എന്നു ചുരുക്കം.

ഒന്നുരണ്ടു വർഷം കഴിഞ്ഞ് 'അൺ ഫോർഗറ്റബിൾസ്' എന്ന ആൽബത്തിന്റെ ആശയം മനസ്സിൽ രൂപപ്പെടുന്ന കാലത്തുതന്നെ ജഗ്ജിത് തീരുമാനിച്ചിരുന്നു 'ബാത്നിക്‌ലേഗി' അതിലുൾപ്പെടുത്തുമെന്ന്. ഇത്തവണ പാട്ടിന് ഭാഗ്യം തെളിഞ്ഞു. ആൽബം പുറത്തിറങ്ങി മൂന്നുപതിറ്റാണ്ട് കഴിഞ്ഞിട്ടും 'ബാത് നിക്‌ലേഗി'യുടെ ജനപ്രീതിക്ക് തെല്ലുമില്ല മങ്ങൽ.

ഗസലിന്റെ അതുവരെ പരിചിതമായ ചട്ടക്കൂടിൽനിന്ന് ബോധപൂർവംതന്നെ അകൽച്ച പാലിക്കുകയായിരുന്നു ജഗ്ജിത്. ചലച്ചിത്രേതര ഗാനങ്ങളാണെങ്കിലും അവയ്ക്ക് ചലച്ചിത്രഗാനങ്ങളുടെ സൗണ്ടിങ് വേണമെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. സംഗീത സംവിധായകൻ ഖയാമിന്റെ സ്വാധീനം ഓർക്കസ്ട്രേഷനിൽ ഉണ്ടായിരുന്നു എന്നു സമ്മതിക്കുന്നു. എങ്കിലും അത് അനുകരണമായിരുന്നില്ല. ആലാപനത്തിൽ മനോധർമപ്രകടനം കൊണ്ടുവന്നതോടൊപ്പം ഓർക്കസ്ട്രേഷൻ ആധുനികീകരിക്കാനും ശ്രദ്ധിച്ചു. ഗിറ്റാർ, പിയാനോ, സാക്സഫോൺ, ഓർഗൻ എന്നിവയെല്ലാമുണ്ട് ആ ഗാനങ്ങളുടെ പിന്നണിയിൽ. ഗസലുകളുടെ പശ്ചാത്തലത്തിൽ സിതാറും സാരംഗിയും മാത്രം കേട്ടുശീലിച്ചവർക്ക് അതൊരു പുതുമയായിരുന്നു- ജഗ്ജിത്തിന്റെ വാക്കുകൾ.

**'അൺഫൊർഗെറ്റബ്ൾസ്' ഒരു അശ്വമേധത്തിന്റെ തുടക്കമായിരുന്നു. പ്രശസ്തിയുടെ പാരമ്യത്തിലേക്കുള്ള ആ യാത്രയ്ക്കിടയായിരുന്നു വിവേകിന്റെ അപകടമരണം.**

'അൺഫൊർഗെറ്റബിൾസ്' ഒരു അശ്വമേധത്തിന്റെ തുടക്കമായിരുന്നു. പ്രശസ്തിയുടെ പാരമ്യത്തിലേക്കുള്ള ആ യാത്രയ്ക്കിടെയായിരുന്നു ഇടിത്തീപോലെ വിവേകിന്റെ അപകടമരണം. അത് മറ്റൊരു യാത്രയുടെ തുടക്കമായി ജഗ്ജിത്തിനും ചിത്രയ്ക്കും. ജഗ്ജിത് പറയുന്നു: ''മനഃശാന്തിയുടെ തീരം തേടിയായിരുന്നു ഞങ്ങൾ ഇരുവരുടെയും യാത്രകൾ. മാർഗങ്ങൾ വ്യത്യസ്തമായിരുന്നു എന്നു മാത്രം. എന്റേത് സംഗീതവും ചിത്രയുടേത് ആത്മീയതയും''

സംവൺ സംവേർ- ജഗ്ജിത്തും ചിത്രയും ഒരുമിച്ചു പാടിയ അവസാന ആൽബം അതായിരുന്നു. വിവേകിന്റെ ഓർമയ്ക്കാണ് ജഗ്ജിത് ഈ ആൽബം സമർപ്പിച്ചിരിക്കുന്നത്. പതിനെട്ടുവർഷങ്ങൾക്കുശേഷം മറ്റൊരു ആൽബത്തിനുവേണ്ടി ഇരുവരും ഒന്നിക്കുമോ? കൃത്യമായ ഒരു ഉത്തരം നൽകാനാകുന്നില്ല ചിത്രയ്ക്ക്. ''ഇപ്പോഴും ഞാൻ മുടങ്ങാതെ റിയാസ് ചെയ്യുന്നുണ്ട്. എങ്കിലും ഒരു തിരിച്ചുവരവിന് എന്റെ ശബ്ദം പാകപ്പെടാനിരിക്കുന്നതേയുള്ളൂ. അതുവരെ ജഗ്ജിത്തിനെ ആസ്വദിക്കുക. അദ്ദേഹത്തിന്റെ ആലാപനത്തിൽ എന്റെ ആത്മാവുമുണ്ടെന്നറിയുക''

ഇന്ദീവർ എഴുതി ജഗ്ജിത് ഈണമിട്ടുപാടിയ 'പ്രേംഗീത്' എന്ന ചിത്രത്തിലെ നിത്യസുന്ദരമായ ആ ഗസലാണ് ഓർമ വരുന്നത്: 'ഹോഠോം സേ ഛൂലോ തും മേരാ ഗീത് അമർ കർ ദോ, ബൻ ജാവോ മിത് മേരേ, മേരി പ്രീത് അമർ കർദോ...'
(എന്റെ ഗാനത്തെ നിന്റെ ചുണ്ടുകളാൽ സ്പർശിച്ച് അനശ്വരമാക്കുക; സ്നേഹിതയായി മാറി എന്റെ പ്രണയത്തെയും...) ■

തലത് മെഹ്മൂദ്.
ഉർദു, ഹിന്ദി, ബംഗാളി, ഭോജ്പുരി, തെലുങ്ക്, ഗുജറാത്തി, മറാത്തി, മലയാളം, പഞ്ചാബി, സിന്ധി, അവധി, മാർവാഡി, അസമീസ് ഭാഷകളിലായി നിരവധി ഗാനങ്ങൾ തലത് ആലപിച്ചിട്ടുണ്ട്. 1941-ൽ 'സബ് ദിൻ ഏക് സമാൻ നഹിം ഥാ' എന്ന ഗാനം ആലപിച്ചാണ് സംഗീതരംഗത്ത് സജീവമായത്.

